


# അക്കാദമിക് മാസ്റ്റർ പ്ലാൻ

GMLPS ANDATHODE

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് സബ് ജില്ലയിൽ സ്ഥിതിചെയ്യുന്ന അണ്ടത്തോട് G.M.L.P.S 165 വർഷത്തോളം പഴക്കമുണ്ട് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയത്തിന് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സ്വന്തമായി വാങ്ങിയ സ്ഥലത്ത് ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ ശ്രീ എൻ. കെ അക്ബർ അവർകളുടെ ഫണ്ടിന്റെയും നാഷണൽ റർബൺ മിഷന്റെയും സഹായത്താൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 മെയ് 31 ബഹു തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് അവർകൾ നിർവഹിച്ചു. കുട്ടികളുടെ യാത്ര സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിന് സ്വന്തമായി രണ്ട് വാഹനവും ഉണ്ട്.

സ്വന്തമായി കെട്ടിടം ഉള്ളതിനാൽ K.G കുട്ടികൾക്ക് വേണ്ടി SSK യുടെ വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായി 10 ലക്ഷം രൂപ നമ്മുടെ സ്കൂളിന് ലഭിച്ചിട്ടുണ്ട് 2016 ൽ മികച്ച PTA ക്കുള്ള അവാർഡ് നേടിയ വിദ്യാലയത്തിൽ പി ടി എ, എസ്. എം. സി, എം. പി. ടി. എ., എസ്. എസ്. ജി, ഒ. എസ് എ എന്നിവരുടെ സജീവ പങ്കാളിത്തത്തോടുകൂടി ഏറ്റവും മികച്ച വിദ്യാലയമായി മാറുവാനും സാധിച്ചു.

DETAILS OF STUDENTS

| Class | Total Enrollment | | |
|---|---|---|---|
| | B | G | T |
| I | 11 | 20 | 31 |
| II | 13 | 19 | 32 |
| III | 13 | 18 | 31 |
| IV | 20 | 18 | 38 |
| Pre- Primary | 33 | 25 | 58 |
| | 190 | | |

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കും.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
4. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രാപ്തരാക്കും.
5. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
6. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക | വായനോത്സവം<br>ലൈബ്രറി പുസ്തകങ്ങൾ വായിക്കാൽ<br>വായനകാർഡ് വായന<br>ആഴ്ചയിലൊരു പുസ്തകം<br>വായനകുറിപ്പ് തയ്യാറാക്കൽ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച<br>ക്ലാസ്സൊരു വായനകൂട്<br>വീടൊരു പുസ്തകക്കൂട്<br>വായനമൂല | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>ഭാഷാക്ലബ്ബ് | |
| **പുസ്തക കൂട്**<br>കുട്ടികളലെ വായനശീലം വളർത്തുക | ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ<br>പത്രവായന, പത്ര ക്വസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ<br>അമ്മ വായന<br>പുസ്തകാവതരണം<br>പുതിയ പുസ്തകങ്ങൾ, സാഹിത്യകാരൻമാർ - പരിചയപ്പെടൽ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>ഭാഷാക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര രചന | സംയുക്ത ഡയറി<br>സാങ്കൽപിക ഡയറി<br>രചനോത്സവം<br>അമ്മയെഴുത്ത്<br>കുട്ടികളുടെ രചനകൾ - കുഞ്ഞെഴുത്ത്<br>അക്ഷര കാർഡ്, വായനകാർഡ് തയ്യാറാക്കൽ<br>കഥാരചന, കവിതാ രചന<br>വായന കുറിപ്പ്, ആസ്വാദന കുറിപ്പ് തയ്യാറാക്കൽ<br>ചിത്രം നൽകി കഥ എഴുതൽ<br>പതിപ്പുകൾ,പോസ്റ്ററുകൾ തയ്യാറാക്കൽ | വർഷം മുഴുവൻ | H.M<br>SRG<br>P.T.A<br>ക്ലാസ് ടീച്ചർ | |
| 4. ഭാഷാപഠനത്തിൽ പിന്തുണ ആവശ്യമുളളവരെ കണ്ടെത്തി ഭാഷയിൽ പ്രാവീണ്യം വളർത്തുക<br><br>5. കുട്ടികളുടെ അറിവുകൾ സമൂഹത്തെ അറിയിക്കാൻ | ശ്രദ്ധ ( STD III, ഭാഷ, ഗണിതം)<br>മലയാളത്തിളക്കം<br>കുഞ്ഞുമലയാളം, മലയാളം അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനം<br>പിന്തുണ നടത്തം<br>ക്ലാസ് PTA കളിൽ കുട്ടികളുടെ മികച്ച പ്രവർത്തനങ്ങൾ അവതരിപ്പിക്കുക.<br>ക്ലാസ്സ് ഗ്രൂപ്പുകളിൽ കൂടി അറിയിക്കുക | ലക്ഷ്യം നേടുന്നതു വരെ<br><br>വർഷം മുഴുവൻ | പ്രവർത്തനവുമായി ബന്ധപ്പെട്ട അധ്യാപകർ<br>SRG<br>ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6.കുട്ടികളുടെ സർഗാത്മക ശേഷി വികാസം | പാട്ടരങ്ങ്<br>കഥോത്സവം<br>പാഠഭാഗവുമായി ബന്ധപ്പെട്ട ദൃശ്യാവിഷ്കാരങ്ങൾ<br>വിദ്യാരംഗം - പ്രവർത്തനങ്ങൾ<br>സർഗ്ഗവേദി<br>FM Radio - എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികളുടെ വിവിധ പ്രവർത്തനങ്ങൾ - കടങ്കഥ, പഴഞ്ചൊൽ, മാപ്പിളപാട്ട്, കവിത, Etc.. | ജൂൺ മുതൽ<br>വർഷം മുഴുവൻ<br>ആഴ്ചയിൽ ഒരു ദിവസം | | |
| രുചിമേള<br>നാടൻ ഭക്ഷണത്തിലെ വൈവിധ്യം തിരിച്ചറിയൽ<br>സാഹിത്യ രചയിതാക്കളെ അടുത്തറിയാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട നാടൻ ഭക്ഷണങ്ങൾ ഫുഡ് ഫെസ്റ്റ് നടത്തുന്നു.<br>ഭക്ഷണം, പാനീയം തയ്യാറാക്കൽ. ക്ലാസ് തല പ്രവർത്തനം<br>സാഹിത്യകാരൻമാരുടെ ജൻമ - ചരമ ദിനങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശിപ്പിക്കൽ, പുസ്തക പരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ്, പ്രദർശനം | വർഷത്തിൽ ഒരിക്കൽ<br>ദിനാചരണങ്ങൾ പ്രകാരമുള്ള ദിവസങ്ങളിൽ | SRG<br>P.T.A<br>H.M<br>അധ്യാപകർ | |

# വിഷയം : ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ENGLISH HOUR**<br>Class 1<br>ഇംഗ്ലീഷ് ഭാഷ ധാരളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം<br>ആംഗ്യപ്പാട്ട് ചൊല്ലൽ | മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRG | |
| Class 2<br>ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | Let's Talk<br>പ്രതിഭാധനരുമായി സംവദിക്കൽ<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് അസംബ്ളി | മൂന്ന് മാസത്തിൽ ഒരിക്കൽ<br>മാസത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SRG, SMC | SSA |
| **READING HOUR**<br>Class 3<br>വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>വായന ക്യാമ്പുകൾ<br>ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന്<br>മൂന്ന് മാസത്തിൽ ഒരിക്കൽ<br>ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>SPG | CPTA |
| Class 4<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറിക്കുറിപ്പായി എഴുതൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലിഷ് തിയേറ്റർ :<br>സർഗാത്മകതാ<br>പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit,Drama,Story, Conversation) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലിഷ് മാഗസിൻ :<br>സർഗാത്മകതാ രചനാശേഷി വികസനം | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRG | |
| ഇംഗ്ലിഷ് കൈയ്യെഴുത്ത് :<br>ഇംഗ്ലിഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലിഷ് കോർണർ :<br>വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച്<br>വായനമൂല ഒരുക്കൽ<br>വായനവേള ഒരുക്കൽ<br>വായന കുറിപ്പ് – പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | CPTA |
| ഇംഗ്ലിഷ് ഫെസ്റ്റ്:<br>ഇംഗ്ലിഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മ വിശ്വാസം ഉണ്ടാക്കൽ<br><br>ഇംഗ്ലിഷ് ഡേ :<br>ഇംഗ്ലിഷ് ഭാഷ ധാരളമായി കേൾക്കുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും | വായന മത്സരം, രചനാ മത്സരം, സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം<br><br>ഇംഗ്ലീഷ് അസംബ്ളി സംഘടിപ്പിക്കൽ | അവധിക്കാലം<br><br>മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br><br>SRG | CPTA |

# വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയം ആക്കി മാറ്റുക | ഗണിത കേളികൾ | വർഷം മുഴുവൻ | അധ്യാപിക<br>പി.ടി.എ | |
| **ഗണിതം ലളിതം**<br>ജ്യാമതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | 6 മാസം | SRG<br>പി.ടി.എ | SSA |
| | മെട്രിക്മേള ഗണിതോത്സവം | ജനുവരി | SRG<br>അധ്യാപിക | |
| **ശില്പശാലകൾ**<br>ഗണിതം ലളിതമാക്കാം കളികളിലൂടെ | ഗണിതമേള | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| ഗണിത ശേഷികളുടെ പ്രകടനം | ഗണിത ലാബ് | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതപഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | ഗണിതമൂല ഒരുക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിതരൂപങ്ങളുടെ, ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത പഠനോപകരണ ശിൽപശാല സംഘടിപ്പിക്കൽ | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ<br>PTA | PTA |
| പഠനോപകരണങ്ങളിലൂടെ പഠനം രസകരമാക്കലും ലളിതമാക്കലും | | | | |

# വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി സംരക്ഷണം | മണ്ണ്,ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക | ജൂലൈ - ഒക്ടോബർ | അധ്യാപികൻ<br>പി.ടി.എ | PTA |
| | വിദ്യാലയത്തിലെ പ്ലാസ്റ്റിക്ക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | | ഹരിതകർമ്മസേന | PTA |
| **ശാസ്ത്രോത്സവം**<br>വിവിധ ശാസ്ത്ര ഉപകരണങ്ങൾ,മാതൃകകൾ, നിർമ്മിക്കാൻ കഴിയുക | പ്രവർത്തി പരിചയമേള, ശാസ്ത്രമേള തുടങ്ങിയ പരിപാടികളിൽ കുട്ടികളുടെ സർഗാത്മക പ്രവർത്തന പങ്കാളിത്തം. | ആഗസ്റ്റ് - ഡിസംബർ | ടീച്ചർ<br>PTA<br>MPTA | PTA |
| | ദിനാചരണങ്ങൾ | വർഷം മുഴുവൻ | ടീച്ചർ | |
| **ജൈവ വൈവിധ്യ ഉദ്യാനം**<br>പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ആഗസ്റ്റ് - ഡിസംബർ | ടീച്ചർ<br>PTA<br>SMC | PTA |
| | കർഷകരുമായി അഭിമുഖം, കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |
| **കൃഷിദീപം**<br>നാടറിയാൻ - നാട്ടറിവുകൾ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | മാസത്തിൽ | SRG<br>ടീച്ചർ | PTA |
| ശാസ്ത്ര പഠനം രസകരമാക്കാൻ | നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | | ടീച്ചർ<br>MPTA | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക | ശാസ്ത്രജ്ഞനോടൊപ്പം ശാസ്ത്ര വിഷയത്തിലെ പ്രൊഫഷണലുകളുമായി അഭിമുഖം, മികച്ച ശാസ്ത്ര പ്രൊഫഷണലിന്റെ സേവനം ലഭ്യമാക്കുന്നു. | ജൂലൈ - ഒക്ടോബർ | ടീച്ചർ<br>PTA<br>SMC<br>SSG | PTA<br>SSG |
| | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ | സെപ്തംബർ - ജനുവരി | ടീച്ചർ<br>ശാസ്ത്രക്ലബ്ബ് | PTA |
| ശാസ്ത്രയാത്ര (ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തൽ - അന്വേഷണ ത്വര വളർത്തൽ) | | ആവശ്യാനുസരണം | | |
| ശാസ്ത്രഞ്ജമാരെ അറിയുക, അവരുടെ നേട്ടങ്ങളിൽ അഭിമാനികൾ ആകുക | ക്വസ് മത്സരം സംഘടിപ്പിക്കുന്നു<br>സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് - ഒക്ടോബർ | ടീച്ചർ<br>PTA | PTA |
| അറിവുകളുടെ രചന | ശാസ്ത്ര മാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ<br>CPTA | |

# വിഷയം : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാനസിക ഉല്ലാസം നിർവ്വഹിക്കുക<br><br>നേതൃത്വ ഗുണം വളർത്തുക, സഹകരണ മനോഭാവം ഉണ്ടാക്കുക<br><br>ശാരീരിക മാനസിക വളർച്ച | മാനസിക ഉല്ലാസത്തിന് അനുയോജ്യമായ കളികളിൽ ഏർപ്പെടുന്നു.<br>ഇന്നത്തെ താരം ഓരോ മത്സരത്തിനും നായകരായി ഓരോരുത്തർക്കം അവസരം<br><br>കളിക്കാം രസിക്കാം<br>കുട്ടികളിൽ മാനസിക സംഘർഷം കണ്ടാൽ വിവിധ ഉല്ലാസങ്ങളിൽ ഏർപ്പെടുക | പ്രഭാത സയാഹ്നം<br><br>PT സമയം ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br><br>പാഠാസൂത്രണം<br><br>PT സമയം | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ<br><br>ടീച്ചർ<br>MPTA | |
| ലഘു വ്യായാമങ്ങൾ ചെയ്യുന്നതിനും അവ ജീവിതചര്യയായി മാറ്റുന്നതിനും<br><br>**വാ കളിക്കാം**<br>വിവിധ കളി നിയമങ്ങൾ അറിയുന്നതിന്<br><br>**കായിക മാമാങ്കം**<br>കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് | ലഘു വ്യായാമങ്ങളിലൂടെ ക്ലാസ് തുടങ്ങുക, സായാഹ്നം ആഴ്ചയിൽ വൈകുന്നേരം ലഘു വ്യായാമങ്ങൾ ശീലിക്കുക.<br>വിവിധ കളികളുമായി ബന്ധപ്പെട്ട് ക്ലാസ് നടത്തുക. കളികളിൽ ഏർപ്പെടുക<br><br>കായികമേള നടത്തുന്നു തിരഞ്ഞെടുത്ത പ്രതിഭകളെ സബ്ജില്ലാ തലത്തിലേക്ക് മത്സരിക്കാൻ പ്രാപ്തരാക്കുന്നു. (മികച്ച പരിശീലനം നൽകുന്നു) | വർഷം മുഴുവൻ<br><br>ലോകകപ്പ് മത്സരങ്ങൾ ദിനാചരണം<br><br>വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ<br><br>PTA<br>SSG | PTA |
| **ആരോഗ്യം ആനന്ദം**<br>കുട്ടികളെ കായികപരമായി വളർത്തുന്നതിന് | വ്യായാമം, യോഗ, ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ തുടങ്ങിയ കളികൾ കായിക മത്സരങ്ങൾ ആരോഗ്യബോധ വൽക്കരണപരിപാടി, സൈക്ലിംഗ് പരിശീലനം ചെണ്ടമേളം പരിശീലനം സൂബ ഡാൻസ് | വർഷം മുഴുവൻ | ടീച്ചർ<br>PTA<br>SMC<br>SSG | |

# വിഷയം : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഴ്‌വസ്തുക്കളിൽ നിന്ന് വിവധ ഉല്പന്നങ്ങൾ നിർമ്മിക്കൽ | പേപ്പർ, പെൻ, കൗതുക വസ്തു നിർമ്മാണവും പ്രദർശനവും | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ശില്പശാലകൾ** നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പെയിന്റിംഗ്, ക്യാരിബാഗ് നിർമാണവും പ്രദർശനവും | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| പുതിയ സാധ്യതകൾ വിദഗ്ദരുടെ സഹായത്താൽ മനസിലാക്കാൻ | പ്രാദേശിക വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തൽ, പ്രവൃത്തി പരിചയ വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കൽ | വർഷത്തിലൊന്ന് | PTA | PTA |

## വിഷയം : കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗവേദി<br>അക്കാദമിക മികവിനോടൊപ്പം കലാപഠനവും<br><br>ചെറുസദസ്സിനു മുൻപിൽ നിർഭയരായി മികവുകൾ പ്രകടിപ്പിക്കുക<br><br>മേരി ആവാസ് സുനോ | വിദ്യാരംഗം പ്രവർത്തനം<br>കലാ സാഹിത്യ വേദി<br>കവിതാലാപനം, ഗാനാലാപനം, ചിത്രരചന, പ്രസംഗം, നാടകം, മൂകാഭിനയം<br>സ്കൂൾ കലോത്സവങ്ങൾ<br>പ്രാദേശിക കലാരൂപങ്ങളെ പരിചയപ്പെടുക<br>ഉപകരണസംഗീതം - പരിശീലനം<br>കലാകാരൻമാരെ പരിചയപ്പെടൽ (പ്രാദേശിക കാലാകാരൻമാർ)<br><br>കുട്ടികൾക്കായി ഒരു റേഡിയോ പ്രോഗ്രം സംഘടിപ്പിക്കൽ | വർഷം മുഴുവൻ | വിദ്യാരംഗം കോർഡിനേറ്റർ | |

# വിഷയം : അറബി

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുള്ള കഴിവ് ആർജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തികൊണ്ടുവരും, നേരത്തെ തയ്യാറാക്കിയ 'അദ്ദലീൽ' അറബി അക്ഷര പഠനസഹായി ഇതിനായി ഉപയോഗിക്കും, കൂടാതെ അക്ഷരകാർഡുകൾ ഐ.സി.ടി ഉപയോഗിച്ചുള്ള വിവധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കും. | അധ്യായന വർഷത്തിലെ മൂന്നു മാസം | പുസ്തകങ്ങൾ കാർഡുകൾ | എസ് ആർ ജി എസ് എം സി |
| അറബി ഭാഷ ശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ പാഠപുസ്തകങ്ങളിൽ ഉള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുന്നു കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മാത്സര്യ ബോധത്തോടെ കുട്ടികൾ പങ്കാളികളാവുകയും ചെയ്യുന്നു കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കഥ കവിത പുസ്തകങ്ങൾ | എസ് ആർ ജി എസ് എം സി |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാര വാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക | പാഠപുസ്തകങ്ങളിൽ നിന്നും മറ്റ് പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങളും ലഭ്യമാകുന്ന മറ്റു പുസ്തകങ്ങളും | എസ് ആർ ജി എസ് എം സി |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ ആഭിമുഖ്യം വായന താൽപര്യം പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ | വായനാ മത്സരം സംഘടിപ്പിക്കുന്നു പൊതുവിജ്ഞാനം അറബിഭാഷ സംബന്ധമായ വിവരങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തി അറബിയിലും മാതൃഭാഷയിലും ഉള്ള ലളിതമായ ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ക്വിസ് മത്സരം സംഘടിപ്പിക്കും. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുന്ന മാതൃക ചോദ്യങ്ങൾ | എസ് ആർ ജി എസ് എം സി |
| അറബി ഭാഷ വിനിമയ ശേഷി വർദ്ധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി നേർക്കുനേരെ ബന്ധമുള്ള പദ്യനിർമാണം അറബി പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം | ജൂൺ മുതൽ മാർച്ച് വരെ | മാതൃക മത്സര സഹായികൾ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കും | എസ് ആർ ജി എസ് എം സി |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കായും സംബന്ധമായ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകും | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ക്ലബ്ബിന്റെ അഭിമുഖത്തിൽ ചാറ്റുകളുടെയും പ്ലക്കാറുകളുടെയും നിർമ്മാണം | എസ് ആർ ജി എസ് എം സി |
| അറബി ഭാഷ പഠനത്തിൽ ഐടി സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘട്ടത്തിന് തുടക്കം കുറിക്കാൻ | അറബിക് ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ്സ് റൂം അറബിയിലുള്ള ബാലസാഹിത്യ ശേഖരണം തുടങ്ങിയവയിലൂടെയുള്ള പരിശീലനം കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിങ്ങിനായി കീബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തും | ജൂൺ മുതൽ മാർച്ച് വരെ | സ്കൂളിലെ ഐടി സൗകര്യം ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തും | എസ് ആർ ജി എസ് എം സി |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| **അറബിക് മധുരം**<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുളള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റ് അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br><br>ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നൽകുന്നു അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br><br>പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് 'അറബിക് മധുരം' ക്ലാസ് നൽകുക. | രണ്ട് മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ | ഡയറ്റ്<br>ബി ആർ സി<br>പൂർവ വിദ്യാർത്ഥികൾ |
| അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക<br>ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br>പുസ്തകം പരിചയപ്പെടുത്തൽ<br>സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| അറബിക് ഫെസ്റ്റ് | അന്താരാഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക്ക് ഫസ്റ്റ് നടത്തുക.<br><br>കാര്യപരിപാടികൾ:<br>ഉദ്ഘാടനം<br><br>ആദരിക്കൽ : (ഇതുവരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br><br>മികച്ച അറബിക് കലാ അവതരണം<br><br>തൊട്ടടുത്ത അറബിക്ക് കവി/ സാഹിത്യകാരൻ/ പണ്ഡിതനെ, പങ്കെടുപ്പിക്കൽ ആദരിക്കൽ.<br><br>തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി / ആനിമേഷൻ പ്രദർശനം<br><br>അറബിക് എക്സിബിഷൻ (അറബിക് ഭാഷ ചരിത്രം, വികാസം, പ്രാധാന്യം, ഉപരിപഠനം, ജോലി സാധ്യത, ഭാഷ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |